## ക്രിസ്തുവിന്റെ തുടർച്ച

**I. പ്രവൃത്തികളുടെ പുസ്തകത്തിന്റെ തുടർച്ച ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർത്ഥ്യമായി തികഞ്ഞവരാക്കപ്പെട്ട ദൈവ-മനുഷ്യരുടെ സംഘാത ജീവിതത്തോടുകൂടിയ ക്രിസ്തുവിന്റെ തുടർച്ചയാണ്**

- കർത്താവു ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു
- പ്രവൃത്തികൾ 28-നു ശേഷം ദൈവത്തിന്റെ അനേകം പാത്രങ്ങൾ ഇപ്പോഴും അവന്റെ വേല നിർവഹിച്ചുകൊണ്ടിരിക്കുന്നു; അവന്റെ വേല തുടർന്നുകൊണ്ടിരിക്കുന്നു, നിന്നുപോയിട്ടില്ല
- രാജ്യം വരെയും പുതിയ ആകാശവും പുതിയ ഭൂമിയും വരെയും അവന്റെ വേല തുടർന്നുകൊണ്ടിരിക്കും; പുതിയ യെരുശലേം എന്ന നിലയിൽ പോലും, അവന്റെ അടിമകൾ പുരോഹിതന്മാരായി അവനെ സേവിക്കും.
- ക്രിസ്തുവിനെ പ്രസംഗിക്കുന്നതിൽ പരിശുദ്ധാത്മാവിന്റെ വേല ഇതുവരെ പൂർത്തിയായിട്ടില്ല
- ക്രിസ്തുവിന്റെ വർദ്ധനവ് ഇപ്പോഴും [ജീവനിൽ] വളരുകയും [എണ്ണത്തിൽ] പെരുകുകയും ചെയ്തുകൊണ്ടിരിക്കുന്നു
- ഇങ്ങനെയുള്ള ഒരു സുവിശേഷ വേല, ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയ്ക്കൊത്തവണ്ണമാണ്
- ദൈവം ഒരു സംഘാത പാത്രത്തിന്റെ പിന്നാലെയായതിനാൽ അവന്റെ മക്കൾ ക്രിസ്തുവിന്റെ ശരീരബോധത്തിലേക്ക് കൊണ്ടുവരപ്പെടുകയും ശരീരജീവിതം നയിക്കുവാൻ പഠിക്കുകയും വേണം

## അവന്റെ തുടർച്ചയെ സംബന്ധിച്ച പ്രവചനങ്ങൾ

**II. പ്രവൃത്തികളുടെ പുസ്തകത്തിലെ ക്രിസ്തുവിന്റെ തുടർച്ച ബൈബിളിൽ പ്രവചിക്കപ്പെട്ടിരിക്കുന്നു**

- യെശയ്യാവ് 42:4—ഭൂമിയിൽ ദൈവത്തിന്റെ നീതി സ്ഥാപിക്കുന്നത് നിറവേറ്റികഴിയുമ്പോൾ ക്രിസ്തു വീണ്ടും വരും.
- യെശയ്യാവ് 53:10—ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലുള്ള അവന്റെ തുടർച്ച. "അവൻ സന്തതിയെ കാണുകയും, ദീർഘായുസ്സ് പ്രാപിക്കുകയും, യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കുകയും ചെയ്യും"
    - സന്തതി—ഒരു സംഘാത സന്തതിയായ എല്ലാ വിശ്വാസികളും ചേരുന്ന ക്രിസ്തുവിന്റെ ശരീരമായ സഭ
    - ദീർഘായുസ്സ് പ്രാപിക്കുകയും—ഇന്ന് ക്രിസ്തു തന്റെ വിശ്വാസികളിൽ ജീവിച്ചുകൊണ്ട് തന്റെ നാളുകളെ ദീർഘമാക്കുന്നു
    - യഹോവയുടെ ഇഷ്ടം—അവനിൽനിന്നും ജനിച്ച അനേക പുത്രന്മാരെ കാണുന്നതാണ് ദൈവത്തിന്റെ സുപ്രസാദം
- യെശയ്യാവ് 53:11—ക്രിസ്തുവിന്റെ തുടർച്ചയെന്ന നിലയിൽ പുനരുത്ഥാനത്തിലും പുനരുത്ഥാനത്തിലൂടെയും ഉളവാക്കപ്പെട്ട എല്ലാ കാര്യങ്ങളുമായ തന്റെ പ്രയത്നഫലം (ദേഹിയുടെ ക്ലേശത്തിന്റെ ഫലം) കണ്ട് തൃപ്തനാകും. "അവൻ തന്റെ പ്രയത്നഫലം (ദേഹിയുടെ ക്ലേശത്തിന്റെ ഫലം) കണ്ടു തൃപ്തനാകും"
    - ക്രിസ്തു, ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നു
    - മരിച്ചവരിൽനിന്നുള്ള ആദ്യജാതനായിത്തീർന്നു
    - തന്റെ മനുഷ്യത്വത്തിൽ ദൈവത്തിൽനിന്ന് ജനിച്ചു
    - തന്റെ എല്ലാ വിശ്വാസികളെയും വീണ്ടുംജനിപ്പിച്ചു
    - ഏക ഗോതമ്പുമണിയെന്ന നിലയിൽ അനേകം മണികളായിത്തീർന്നു
    - ഒരു സംഘാത സന്തതിയെ ഉളവാക്കി
    - ക്രിസ്തു പുതുമനുഷ്യന്റെ എല്ലാ അവയവങ്ങളും എല്ലാ അവയവങ്ങളിലും ആകുന്നു
- മീഖാ 5:2—ബെത്ലഹേമിലെ ക്രിസ്തുവിന്റെ ജഡാവതാരം. "അവന്റെ ഉത്ഭവം [കടന്നുപോകലുകൾ] പണ്ടേയുള്ളതും പുരാതനമായതും [നിത്യതയുടെ നാൾ മുതലുള്ളതും] തന്നേ"
    - അവന്റെ കടന്നുപോകൽ അവസാനിച്ചിട്ടില്ല, ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു
- മത്തായി 16:18—ഈ പഴയനിയമ പ്രവചനങ്ങൾ ക്രിസ്തുവിന്റെ തുടർച്ചയെ സംബന്ധിച്ച ബൈബിളിലെ ഏറ്റവും വലിയ പ്രവചനത്തിൽ എത്തിച്ചേരുന്നു; കർത്താവായ യേശു പറഞ്ഞു: "ഞാൻ എന്റെ സഭയെ പണിയും"; ഇന്നും ഈ പ്രവചനം നിറവേറപ്പെടാതെ തുടരുന്നു
    - സഭയുടെ കെട്ടുപണിയും തന്റെ മണവാട്ടിയുടെ ഒരുക്കത്തെയും സംബന്ധിച്ച കർത്താവിന്റെ പ്രവചനത്തിന്റെ നിറവേറൽ അവനെ മടക്കിക്കൊണ്ടുവരും
    - ഈ പ്രവചനം നിറവേറ്റേണ്ട സമയം ഇപ്പോഴാണ്

## ക്രിസ്തവിന്റെ തുടർച്ചയുടെ മാതൃക—പൗലോസ്

**III. ക്രസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളായ എല്ലാ വിശ്വാസികൾക്കുമുള്ള ഒരു മാതൃകയായി അപ്പൊസ്തലനായ പൗലൊസ് ക്രിസ്തവിന്റെ തുടർച്ചയായി ക്രിസ്തുവിനെ മഹിമപ്പെടുത്തുന്നതിനുവേണ്ടി ജീവിച്ചു**

- ഒരു ശിഷ്യനായിരുന്നു ക്രിസ്തുവിനെ പഠിച്ചു
- ഒരു പാത്രമായിരുന്നു
- ഒരു പ്രാർഥനാ മനുഷ്യനായിരുന്നു
- ശരീരത്തിൽ ആശ്രയിച്ചു
- കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നത് അനുഷ്ഠിച്ചിരുന്നു
- യേശുവിന്റെ സർവവും-ഉൾക്കൊള്ളുന്ന ആത്മാവിനാൽ ജീവിച്ചു
- തന്റെ ഇഴുകിച്ചേർന്ന ആത്മാവിൽ ജീവിച്ചു
- സാരാംശപരമായ ആത്മാവിനാലും, വ്യവസ്ഥാപരമായ ആത്മാവിനാലും നിറഞ്ഞിരുന്നു
- നല്ലതും നിർമ്മലവുമായ ഒരു മനസ്സാക്ഷി സൂക്ഷിച്ചു
- എപ്പോഴും കർത്താവിൽ സന്തോഷിക്കുകയും, ഇടവിടാതെ പ്രാർഥിക്കുകയും, എല്ലാറ്റിലും അവന് സ്തോത്രം ചെയ്യുകയും ചെയ്യുന്ന ഒരു ജീവിതം നയിച്ചു
- യേശുവിന്റെ നാമത്തിൽ സുവിശേഷം ധൈര്യത്തോടെ പ്രസംഗിച്ചു
- യേശുവിന്റെ മനുഷ്യത്വത്തിൽ വിശുദ്ധന്മാരെ പരിലാളിക്കുകയും പോഷിപ്പിക്കുകയും ചെയ്തു
- ക്രിസ്തുവിനെ ജീവിച്ചു

## അവന്റെ തുടർച്ചയായ നമ്മുടെ സുവിശേഷ പ്രസംഗത്തിന്റെ യാഥാർഥ്യവും ലക്ഷ്യവും

**IV. സഭയുടെ ആത്യന്തിക ഫലം ഭാവികാല നിത്യതയിൽ ദൈവത്തിന്റെ പൂർണവും നിത്യവുമായ ആവിഷ്കാരമായ പുതിയ യെരൂശലേം ആയിരിക്കും; അപ്പൊസ്തലനായ പൗലൊസിന്റെ മാതൃകയെ നാം പിന്തുടരുമ്പോൾ, ഇന്ന് നമ്മുടെ എല്ലാ സുവിശേഷ പ്രസംഗത്തിന്റെയും യാഥാർഥ്യവും ലക്ഷ്യവും ഇതായിരിക്കണം—"സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുക്രിസ്തുവിനെ സംബന്ധിച്ച കാര്യങ്ങൾ ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു"—** പ്രവൃ. 28:31